LIBRARY ARCHIVES Kerala Legislative Assembly

ആലപ്പുഴ ജില്ലയിലെ ബസ് സർവ്വീസ്

54 [3568] *ഡോ. തോമസ് ഐസക്:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2001 മേയ് മാസം മുതൽ ആലപ്പുഴ ജില്ലയിൽ പുതിയതായി ആരംഭിച്ച കെ.എസ്.ആർ.ടി.സി. സ്വകാര്യ ബസ് സർവ്വീസുകൾ ഏതെല്ലാമെന്ന് വിശദമാക്കുമോ;

(ബി) 2001 മേയ് മാസം മുതൽ ആലപ്പുഴ ജില്ലയിൽ നിറുത്തലാക്കിയ കെ.എസ്.ആർ.ടി.സി. സ്വകാര്യ ബസ് സർവ്വീസുകൾ ഏതെല്ലാം; ഇവയിൽ പുനരാരംഭിച്ച സർവ്വീസുകൾ ഏതെല്ലാമെന്നുകൂടി അറിയിക്കുമോ?

ഉത്തരം

(എ) 2001 മേയ് മാസം മുതൽ ആലപ്പുഴ ജില്ലയിലെ വിവിധ യൂണിറ്റുകളിൽ നിന്നായി കെ.എസ്.ആർ.ടി.സി. പുതുതായി 93 ഷെഡ്യൂളുകൾ ആരംഭിച്ചിട്ടുണ്ട്. ഇതിന്റെ വിശദാംശം അനുബന്ധമായി ചേർത്തിട്ടുണ്ട്.† ഇക്കാലയളവിൽ 268 സ്വകാര്യ ബസ്സുകളും സർവ്വീസ് ആരംഭിച്ചിട്ടുണ്ട്.

(ബി) 2001 മേയ് മാസം മുതൽ ആലപ്പുഴ ജില്ലയിൽ 6 (ആറ്) സ്വകാര്യ സർവ്വീസുകൾ മാത്രം നിർത്തലാക്കി. ഇവയിൽ ഒന്നും പുനരാരംഭിച്ചിട്ടില്ല.

ഇക്കാലയളവിൽ കെ.എസ്.ആർ.ടി.സി.ക്ക് 78 ഷെഡ്യൂളുകൾ നിർത്തൽ ചെയ്യേണ്ടതായി വന്നിട്ടുണ്ട്. ഇവയിൽ 11 സർവ്വീസുകൾ പുനഃക്രമീകരിച്ചു നടപ്പിലാക്കിയിട്ടുണ്ട്. വിശദാംശം അനുബന്ധമായി ചേർത്തിട്ടുണ്ട്.†

സ്പെഷ്യൽ സർവ്വീസുകൾക്ക് കെ.എസ്.ആർ.ടി.സി. ഈടാക്കുന്ന അധിക ചാർജ്

55 [3569] *ശ്രീ. കെ. സുധാകരൻ:*
,, *സി. പി. മുഹമ്മദ്:*
,, *പി. ജെ. ജോയി:*
,, *കെ. മോഹൻകുമാർ:*
,, *കെ. സി. ജോസഫ്:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏതെല്ലാം ക്ഷേത്രങ്ങളുടെയും പള്ളികളുടെയും ഉത്സവങ്ങളോടനുബന്ധിച്ചാണ് കെ.എസ്.ആർ.ടി.സി. സ്പെഷ്യൽ സർവ്വീസുകൾ നടത്തുന്നത്;

(ബി) ഈ സ്പെഷ്യൽ സർവ്വീസുകൾക്ക് കെ.എസ്.ആർ.ടി.സി. അധിക ചാർജ്ജ് ഈടാക്കാറുണ്ടോ; എങ്കിൽ അതിന്റെ നിരക്ക് എത്രയാണ്;

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) വാവുബലിയോടനുബന്ധിച്ചു തിരുവനന്തപുരത്ത് കിഴക്കേക്കോട്ടയിൽ നിന്നും തിരുവല്ലം, ശംഖുമുഖം എന്നീ സ്ഥലങ്ങളിലേക്കും തിരിച്ചും നടത്തുന്ന റെഗുലർ സർവ്വീസല്ലാത്ത ബസ് സർവ്വീസുകൾക്ക് കെ.എസ്.ആർ.ടി.സി. അധിക ചാർജ്ജ് ഈടാക്കി വരുന്നുണ്ടോ; എങ്കിൽ എന്തടിസ്ഥാനത്തിൽ എന്നു പറയുമോ?

ഉത്തരം

(എ) ശബരിമല, ആലുവാ ശിവരാത്രി, ഓച്ചിറ പന്ത്രണ്ടുവിളക്ക്, വള്ളിയൂർക്കാവ് ക്ഷേത്രം, ആറ്റുകാൽ (പൊങ്കാല ദിവസം), കർക്കിടകവാവ്, മണ്ഡയ്ക്കാട് (കൊട സമയത്ത്) തുടങ്ങിയ ക്ഷേത്രങ്ങളിലേക്കും, എടത്വാ, മരിയാറ്റൂർ, വെട്ടുകാട് തുടങ്ങിയ ക്രിസ്ത്യൻ പള്ളികളിലേക്കും, ബീമാപള്ളി, പുളിൻഗോംമാല തുടങ്ങിയ മുസ്ലീം പള്ളികളിലേക്കും ഉത്സവങ്ങൾക്ക് കെ.എസ്.ആർ.ടി.സി. സ്പെഷ്യൽ സർവ്വീസ് നടത്തുന്നുണ്ട്. ഇത് കൂടാതെ ശിവഗിരി തീർത്ഥാടനം മാരാമൺ കൺവെൻഷൻ, പെരുകോൽപ്പുഴ കൺവെൻഷൻ തുടങ്ങിയവയ്ക്കും തൃശ്ശൂർ പൂരം, നെഹ്റു ട്രോഫി വള്ളംകളി, ഓണാഘോഷം, ക്രിസ്തുമസ്, ബക്രീദ് എന്നീ ആഘോഷങ്ങൾക്കും കെ.എസ്.ആർ.ടി.സി. പ്രത്യേക സർവ്വീസ് നടത്താറുണ്ട്.

(ബി) ഇല്ല.

(സി) അധിക ചാർജ് ഈടാക്കുന്നില്ല.

കുളപ്പുള്ളി ബസ് സ്റ്റാൻഡിനു കെ.എസ്.ആർ.ടി.സി.യുടെ അംഗീകാരം ലഭിക്കാൻ നടപടി

56 [3570] *ശ്രീ. വി. കെ. ചന്ദ്രൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിലെ ഷൊർണ്ണൂർ മുനിസിപ്പാലിറ്റി കുളപ്പുള്ളിയിൽ നിർമ്മിച്ച ബസ് സ്റ്റാൻഡിന് ആർ. ടി. എ. അംഗീകാരം നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണമെന്ത്; വിശദമാക്കാമോ;

(ബി) ബസ് സ്റ്റാൻഡിന് ആവശ്യമായ സ്ഥലം വാങ്ങുന്നതിന് മുനിസിപ്പാലിറ്റിക്ക് ഏതെല്ലാം അധികാരികളുടെ അംഗീകാരം ആവശ്യമുണ്ട്; ഏതെല്ലാം അധികാരികളിൽ നിന്നും അംഗീകാരം ലഭിച്ചു. മറ്റു അംഗീകാരങ്ങൾ ലഭിക്കാനുണ്ടെങ്കിൽ അവ നൽകാതിരിക്കാൻ കാരണമെന്ത് എന്നു വ്യക്തമാക്കാമോ;

(സി) ബസ് സ്റ്റാൻഡ് പൂർത്തിയാക്കാൻ ഇപ്പോൾ വന്നിട്ടുള്ള തടസ്സങ്ങൾ എന്തെല്ലാമാണ്; ഇത് പരിഹരിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത് എന്നു വ്യക്തമാക്കാമോ?

ഉത്തരം

(എ) — (സി) വിവരം ശേഖരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly